The Chirayinkil Tahsildar.

240. *MR. S. GOVINDA PILLAI (*Chirayinkil* cum *Nedumangad*): Will the Government be pleased to state:

(*a*) why Mr. V. S. Gopala Pillai, Tahsildar, was asked to take leave suddenly;

(*b*) if there were any complaints against him, what was the nature of the complaints;

(*c*) were there similar complaints against him when he was Magistrate in other stations; and

(*d*) what action has been taken on the complaints?

RAJYASEVAPRAVINA M. K. NILAKANTA AIYAR: (*a*) Mr. V. S. Gopala Pillai was asked to take leave pending enquiry on certain complaints against him while he was Tahsildar, Chirayinkil.

(*b*) Corruption.

(*c*) Yes.

(*d*) The matter was enquired into and the officer warned.

Mr. Gopala Pillai, Tahsildar, Attingal.

241 *MR. K. P. KOCHUKORA THARAKAN: Will the Government be pleased to state:

(*a*) whether they have received any complaints or petitions against Mr. Gopala Pillai, Tahsildar, Attingal;

(*b*) if so, whether any enquiries have been made in the matter; and

(*c*) whether he is in service at present and, if not, what is his present position?

RAJYASEVAPRAVINA M. K. NILAKANTA AIYAR: (*a*) Yes.

(*b*) The matter is under enquiry.

(*c*) He is now on leave.

MR. K. P. KOCHUKORA THARAKAN: മി. ഗോപാലപിള്ളയുടെ പേരിലുള്ള കേസ് ഗവർണ്മെൻറിന്റെ ദൃഷ്ടിയിൽ പെട്ടിട്ട് എത്ര നാളായി?

RAJYASEVAPRAVINA M. K. NILAKANTA AIYAR: ഇപ്പോഴത്തെകേസ ഗവണ്മെൻറിന്റെ ദൃഷ്ടിയിൽപെട്ടിട്ട് നാലുമാസമായി.

MR. K. P. KOCHUKORA THARAKAN: അതിൻമേൽ കർശനമായ നടപടികൾ വല്ലതും നടത്തിത്തുടങ്ങിയോ?

RAJYASEVAPRAVINA M. K. NILAKANTA AIYAR: അതിനെപ്പറ്റിയുള്ള എൻക്വയറി ഇപ്പോൾ കഴിഞ്ഞതെയുള്ളൂ. റിപ്പോർട്ട് താമസിയാതെ കിട്ടുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

MR. PADIYARA JOSEPH KUNJU : ൨൪൦-ാം നമ്പർ ചോദ്യം ഈ ഉദ്യോഗസ്ഥനെപ്പറ്റി ചോദിച്ചിട്ടുള്ളതാണ്. അതിനു പറഞ്ഞിരിക്കുന്ന മറുപടി "The matter was enquired into and the Officer warned" എന്നാണ്. എന്നാൽ ൨൪൫-ാമത്തെ ചോദ്യത്തിനു എൻക്വയറി നടത്തി റിപ്പോർട്ട കിട്ടിയിട്ടില്ല എന്നു പറയുന്നു. ഇതിൽ നിന്നെന്താണ് മനസ്സിലാക്കേണ്ടത്?

RAJYASEVAPRAVINA M. K. NILAKANTA AIYAR : മി. ഗോപാലപിള്ളയുടെ മേൽ മുമ്പുണ്ടായിരുന്നതും ഇപ്പോൾ കിട്ടിയിട്ടുള്ളതുമായ പരാതികളുണ്ട്. അതിൽ മുമ്പുണ്ടായിരുന്നതായ പരാതിയിന്മേൽ നടത്തിയ നടപടിയെപ്പറ്റിയാണ് ൨൪൫-ാമത്തെ ചോദ്യത്തിൽ മറുപടി പറഞ്ഞത്.

MR. PADIYARA JOSEPH KUNJU: മുമ്പുണ്ടായിരുന്നതായ പരാതിയിൽ കറപ്ഷനും ഉണ്ടായിരുന്നുവോ?

RAJYASEVAPRAVINA M. K. NILAKANTA AIYAR : കറപ്ഷനും ഇല്ലാതില്ല.

MR. PADIYARA JOSEPH KUNJU : കറപ്ഷൻ എന്നുള്ള കുറ്റത്തിനു വെറും വാർണിങ്ങ് കൊണ്ടു ശിക്ഷ മതിയാക്കുന്നതു ശരിയാണോ ?

RAJYASEVAPRAVINA M. K. NILAKANTA AIYAR : കറപ്ഷനെപ്പറ്റിയുള്ള കേസ് തെളിഞ്ഞില്ല.

MR. K. P. KOCHUKORA THARAKAN : ഈ ഉദ്യോഗസ്ഥനെപ്പറ്റി മറ്റു സ്ഥലങ്ങളിൽനിന്നും പരാതിയുണ്ടായിരുന്നോ?

RAJYASEVAPRAVINA M. K. NILAKANTA AIYAR : ഉണ്ടായിരുന്നു.

MR. K. P. KOCHUKORA THARAKAN : രണ്ടു മൂന്നു സ്ഥലത്തു നിന്നും പരാതികൾ ഉണ്ടാകുന്നതിനു കാരണക്കാരനായ ഒരു ഉദ്യോഗസ്ഥൻ സർവീസിൽ ഇരിക്കാൻ യോഗ്യനല്ലെന്നു ഗവണ്മെൻറിനു ബോദ്ധ്യപ്പെട്ടിട്ടില്ലേ?

RAJYASEVAPRAVINA M. K. NILAKANTA AIYAR : അതായതു കുറ്റത്തിനതക്കവണ്ണം അയാളെ ഒന്നു രണ്ടു തവണ ശിക്ഷിച്ചിട്ടുണ്ട്.

MR. K. R. NARAYANAN : ഈ ഗോപാലപിള്ള വാദിയോടും പ്രതിയോടും കൈക്കൂലി വാങ്ങിച്ചിട്ടുള്ളതായി വല്ല പരാതിയും കിട്ടിയിട്ടുണ്ടോ?

RAJYASEVAPRAVINA M. K. NILAKANTA AIYAR : അങ്ങിനെതന്നെയാണ് ഇപ്പോഴത്തെ പരാതി.

LIBRARY ARCHIVES Kerala Legislative Assembly

MR. K. R. NARAYANAN : ഈ പരാതി കിട്ടിയിട്ട് എത്ര നാളായി ?

RAJYASEVAPRAVINA M. K. NILAKANTA AIYAR : നാലു മാസത്തോളമായി.

MR. PADIYARA JOSEPH KUNJU : ഇതിനുമുമ്പു ചെയ്തിട്ടുള്ള കുറ്റം തെളിഞ്ഞിട്ടില്ലാത്ത ഒരു ഉദ്യോഗസ്ഥനു വാർണിങ്ങ് കൊടുക്കാനുള്ള കാരണമെന്ത് ?

RAJYASEVAPRAVINA M. K. NILAKANTA AIYAR : കൈക്കൂലിക്കുറ്റത്തെപ്പറ്റിയാണു എന്റെ സ്നേഹിതൻ ചോദിച്ചതെന്നാണു ഞാൻ മനസ്സിലാക്കിയതു്. അതു തെളിഞ്ഞിട്ടില്ല.

MR. PADIYARA JOSEPH KUNJU : തെളിഞ്ഞിട്ടുള്ള കുറ്റം ഏതാണ്.

RAJYASEVAPRAVINA M. K. NILAKANTA AIYAR : അതിപ്പോൾ പെട്ടെന്നു പറയാൻ നിവൃത്തിയില്ല.

MR. PADIYARA JOSEPH KUNJU : അതിനു കാരണം എന്താണ് ?

RAJYASEVAPRAVINA M. K. NILAKANTA AIYAR : ഈ ഉപചോദ്യത്തിനു നോട്ടീസ് വേണം.

MR. PADIYARA JOSEPH KUNJU : ഒരു ചോദ്യം ചോദിക്കുമ്പോൾ ഉപചോദ്യങ്ങളും വരുമെന്നു വിചാരിക്കാൻ പാടില്ലെ ?

RAJYASEVAPRAVINA M. K. NILAKANTA AIYAR : സാധാരണയായി ഒരു ചോദ്യത്തിനു ഇന്ന ഉപചോദ്യമെ വരുകയുള്ളു എന്നു ഉദ്ദേശിക്കാറുണ്ടു്. അങ്ങനെയല്ലാതെ വരുന്ന ഉപചോദ്യങ്ങൾക്കു നോട്ടീസ് വേണം.

MR. T. C. KESAVA PILLAI : അസംബ്ലിയുടെ അഭിമാനത്തെ സംരക്ഷിക്കുന്നതിനു വേണ്ടി, അസംബ്ലിയിൽ പരസ്യമായി ഒരുദ്യോഗസ്ഥൻ കൈക്കൂലിക്കാരനാണെന്നു പറഞ്ഞിട്ടുള്ളതിന്മേൽ തെളിവുകൾ വാങ്ങിയിട്ടുണ്ടോ ?

RAJYASEVAPRAVINA M. K. NILAKANTA AIYAR : അസംബ്ലിയിൽ പരസ്യമായി പറഞ്ഞ വ്യക്തിയോടു തെളിവു കൊടുക്കണമെന്നു അദ്ധ്യക്ഷൻ ആവശ്യപ്പെടുകയും ആ വ്യക്തി തെളിവു കൊടുക്കാതിരിക്കയും ചെയ്തു.

MR. T. C. KESAVA PILLAI : ഞാൻ അപ്രകാരം പറഞ്ഞ ഒരുത്തനാണ്. എന്നോടു തെളിവു ആവശ്യപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

RAJYASEVAPRAVINA M. K. NILAKANTA AIYAR : പ്രത്യേകം തെളിവു ആവശ്യപ്പെടേണ്ടതില്ല. അദ്ധ്യക്ഷന്റെ റൂളിംഗ് സ് അനുസരിച്ചു തെളിവു കൊടുത്തിരുന്നാൽ അതിനെപ്പറ്റി അനേഷിക്കുമായിരുന്നു.

MR. T. C. KESAVA PILLAI : ഈ അസംബ്ളിയുടേയും ഗവണ്മെന്റിന്റെയും ഉദ്ദേശം ഒന്നാണെന്നു ഗവണ്മെന്റിനു ബോദ്ധ്യപ്പെട്ടിട്ടുണ്ടോ?

RAJYASEVAPRAVINA M. K. NILAKANTA AIYAR : അതിനു സംശയമില്ല.

MR. PADIYARA JOSEPH KUNJU : അങ്ങനെയാണെങ്കിൽ ഈ മെമ്പറോട് തെളിവു് ആവശ്യപ്പെടാതിരുന്നതിനു കാരണമെന്താണു്?

RAJYASEVAPRAVINA M. K. NILAKANTA AIYAR : തെളിവു പ്രത്യേകം ആവശ്യപ്പെടേണ്ട ആവശ്യമില്ലെന്നു ഞാൻ മുൻപേ പറഞ്ഞു കഴിഞ്ഞു. ആ മെമ്പർ തെളിവു കൊടുക്കാത്തതുകൊണ്ടു് ആ സംഗതി പ്രസ്തുതമല്ലെന്നു നിശ്ചയിച്ചു.

Acts and Proclamations in force in the State.

242. * MR. KOTTALIL P. ABRAHAM : Will the Government be pleased to lay on the table a list of the various Acts and Proclamations which are in force in the State on 20-5-1116 showing their names and numbers in the Statute Book, the dates of their passing, the dates of their commencement, and the dates of their amendments, if any?

MR. PUTHUPALLI S. KRISHNA PILLAI : The information required is available in Volumes I to X of the Acts and Proclamations of Travancore and also in the list* placed on the table which contains the information relating to the Enactments passed after Volume X.

MR. G. VELU PILLAI (*Karunagapally* cum *Karthikapally*) : With reference to the enactments passed after volume X, may I know whether anybody has been given permission to publish them in a consolidated form?

MR. PUTHUPALLI S. KRISHNA PILLAI : Not so far, Sir.

MR. G. VELU PILLAI : May I know whether Government are aware of the inconvenience caused by this to the members of the Bar and others?

PRESIDENT : Is the honourable member aware of the price of paper now? It is merely double. That is the only obstacle.

Acting Surveyors in the Survey Department.

243. * MR. KANNANTHODATH JANARDANAN NAIR (*Karunagapally* cum *Karthikapally*) : Will the Government be pleased to state :

(*a*) the number of acting surveyors in permanent establishment on the day of standardisation in 1110 M. E.

*Vide Appendix III—Pages 357—360.

LIBRARY ARCHIVES Kerala Legislative Assembly